**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 409** **16-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ആവിഷ്കരിച്ച പദ്ധതി പ്രകാരം ഒന്നാം ഗഡു ലഭിച്ച് പണി പൂർത്തിയാക്കിയ കുടുംബങ്ങൾക്ക് ധനസഹായം പൂർണ്ണമായും കൊടുത്തു തീർക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല; ജില്ലാ പഞ്ചായത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം അനുവദിയ്ക്കുകയാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ഉണ്ടായിട്ടുള്ള സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിനും പ്രസ്തുത ധനസഹായം ഉടൻ അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ; | (ബി) | ഇല്ല; ജില്ലാ പഞ്ചായത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം അനുവദിയ്ക്കുകയാണ് ചെയ്യുന്നത്. |
| (സി) | മറ്റന്നൂർ ഗ്രാമപഞ്ചായത്തിലെ ചുങ്കാൽ SC നഗറിലെ പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളായവർക്ക് ധനസഹായം പൂർണ്ണമായും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റത്തൂർ ഗ്രാമ പഞ്ചായത്തിലെ ചുങ്കാൽ ലക്ഷംവീട് കോളനിയുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽനിന്നും തുക ലഭിക്കുന്നതിനുണ്ടായ സാങ്കേതിക തടസ്സം പരിഹരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതമായ 2,10,000/- രൂപ മറ്റത്തൂർ ഗ്രാമ പഞ്ചായത്തിന് 02.09.2025 തീയതിയിൽ കൈമാറിയിട്ടുള്ളതും മറ്റത്തൂർ ഗ്രാമ പഞ്ചായത്തിൽനിന്നും ഗുണഭോക്താക്കൾക്ക് ധനസഹായം പൂർണ്ണമായും അനുവദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ